"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - പത്തനംതിട്ട ജില്ലയിലെ "Budget work 2024-25 - Improvements to the connecting roads Old MC road to Enath jn. and Link road ch:0/000-1/800 - General Civil Work" എന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(കൈ) നം.53/2025/PWD തീയതി,തിരുവനന്തപുരം, 04-10-2025

---

പരാമർശം:- 1. സ.ഉ.(പി)നം.16/2017/ധന തീയതി 06/02/2017

2. സ.ഉ.(സാധാ)നം.592/2024/PWD തീയതി 18/06/2024

3. പൊതുമരാമത്ത് നിരത്തു വിഭാഗം ചീഫ് എഞ്ചിനീയറുടെ 04/01/2025, 03/07/2025, 09/09/2025 എന്നീ തീയതികളിലെ CEPWD/23212/2024-C6(W)-RD നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ "Budget work 2024-25 - Improvements to the connecting roads Old MC road to Enath jn. and Link road ch:0/000-1/800 - General Civil Work" എന്ന പ്രവൃത്തിയ്ക്കായി മേൽ പരാമർശം (2) പ്രകാരം 350 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് നിരത്തു വിഭാഗം ദക്ഷിണമേഖലാ സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 3 തവണ ടെണ്ടർ ചെയ്തിരുന്നു. ആദ്യ രണ്ട് ടെണ്ടറുകളിൽ ബിഡുകൾ ലഭിച്ചിരുന്നില്ല. മൂന്നാം ടെണ്ടറിൽ ഒരു ബിഡ് ലഭിച്ചിരുന്നെങ്കിലും ക്വോട്ട് ചെയ്ത തുക അനുവദനീയമായ പരിധിയേക്കാൾ കൂടുതലായിരുന്നു. ക്വോട്ട് ചെയ്ത തുക കുറയ്ക്കുന്നതിനായി ബിഡ്ഡറുമായി ചർച്ച നടത്തിയെങ്കിലും ബിഡ്ഡർ അതിന് തയ്യാറാകാത്തതിനാൽ, പ്രസ്തുത ബിഡ് സമർപ്പിച്ച M/s Sreedhanya Construction Company ക്വോട്ട് ചെയ്ത തുകയായ ₹3,68,45,041/- രൂപ എന്നത് മേൽ പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക്/ പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ.-നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി

ടെണ്ടർ എക്സസ്" എന്ന മാനദണ്ഡത്തേക്കാൾ അധികമാണെന്നും, എന്നാൽ പ്രസ്തുത റോഡിന്റെ നിലവിലെ അവസ്ഥയും പ്രവൃത്തിയുടെ അടിയന്തര പ്രാധാന്യവും പരിഗണിച്ച് നിലവിൽ കരാറുകാരൻ ക്വോട്ട് ചെയ്തിരിക്കുന്ന ₹3,68,45,041/- രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ നൽകുന്നതിന് അനുമതി നൽകണമെന്നും ചീഫ് എഞ്ചിനീയർ മേൽ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ "Budget work 2024-25 - Improvements to the connecting roads Old MC road to Enath jn. and Link road ch:0/000-1/800 - General Civil Work" എന്ന പ്രവൃത്തിയ്ക്കായി M/s Sreedhanya Construction Company ക്വോട്ട് ചെയ്ത തുകയായ ₹3,68,45,041/- (മൂന്ന് കോടി അറുപത്തിയെട്ട് ലക്ഷത്തി നാൽപ്പത്തിയയ്യായിരത്തി നാൽപ്പത്തിയൊന്ന് രൂപ മാത്രം) എസ്റ്റിമേറ്റ് തുകയേക്കാൾ 29.28% കൂടുതൽ ആയ സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ മേൽ പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് നിലവിലുള്ള മാനദണ്ഡമായ പരാമർശം (1) ഉത്തരവിലെ "ടെണ്ടറിൽ ലഭിച്ച നിരക്ക്/ പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ.-നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്ന വ്യവസ്ഥയിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി ബി നൂഹ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്:-

ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

സൂപ്രണ്ടിംഗ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), ദക്ഷിണ മേഖല, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, പത്തനംതിട്ട

ധനകാര്യ വകുപ്പ് (No. I&PW-B1/138/2025-FIN dated 11-07-2025)

പൊതുഭരണ (എസ്.സി.) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ / വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
Date: 04-10-2025 11:10:17

സെക്ഷൻ ഓഫീസർ

൨

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-09-2025

ഫയൽ നം. PWD-G2/50/2025/PWD. ഇനം നം: 3301

വിഷയം : പൊതുമരാമത്ത് വകുപ്പ് - "Budget Work 2024-25 - Improvements to the connecting roads Old MC road to Enath Jn. and Link road ch:0/000 - 1/800 - General Civil Work" Tender Excess Proposal - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

3301

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | PWD-G2/50/2025-PWD |
| 2 | വകുപ്പ് | : | പൊതുമരാമത്ത് (ജി) വകുപ്പ് |
| 3 | വിഷയം | : | PWD - 'Budget work 2024-25 - Improvements to the connecting roads Old MC road to Enath jn. and Link road ch:0/000-1/800 - General Civil Work' - Tender Excess Proposal - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24/09/2025 |
| 5 | i.ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. സുമേഷ് കുമാർ സി. |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യല് സെക്രട്ടറിയുടെ പേര് (i/c) | : | ശ്രീ. പി. ബി. നൂഹ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27-09-2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29-09-2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 29-09-2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 29-09-2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പത്തനംതിട്ട ജില്ലയിലെ **"Budget work 2024-25 - Improvements to the connecting roads Old MC road to Enath Jn. and Link road ch:0/000-1/800 - General Civil Work"** എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് M/s. Sreedhanya Construction Company സമർപ്പിച്ച ടെണ്ടർ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷയാണ് ഈ കുറിപ്പിലെ വിഷയം.

2. പ്രസ്തുത പ്രവൃത്തിക്കായി 18/06/2024 തീയതിയിലെ സ.ഉ.(സാധാ)നം. 592/2024/PWD നമ്പർ ഉത്തരവ് പ്രകാരം 350 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നതും, 340 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിരുന്നതുമാണ്. പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് നിരത്തു വിഭാഗം ദക്ഷിണമേഖലാ സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 3 തവണ ടെണ്ടർ ചെയ്തിരുന്നു. ആദ്യ രണ്ട് ടെണ്ടറുകളിൽ ബിഡുകൾ ലഭിച്ചിരുന്നില്ല. മൂന്നാം ടെണ്ടറിൽ ഒരു ബിഡ് ലഭിച്ചിരുന്നെങ്കിലും ക്വോട്ട് ചെയ്ത തുക അനുവദനീയമായ പരിധിയേക്കാൾ കൂടുതലായിരുന്നു.

ബിഡിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| No | Bidder | Estimate PAC | LMR PAC | Current SoR + 10.00% | Quoted rate (%) | Quoted PAC |
|---|---|---|---|---|---|---|
| 1 | M/s. Sreedhanya Construction Company | 28499684 | 34219905.03 20.07% > EPAC | 31349653 10.00% > EPAC | 29.28 | 36845041.30 |

3. ക്വോട്ട് ചെയ്ത തുക കുറയ്ക്കുന്നതിനായി ബിഡ്ഡറുമായി ചർച്ച നടത്തിയെങ്കിലും ബിഡ്ഡർ അതിന് തയ്യാറാകാത്തതിനാൽ നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ M/s. Sreedhanya Construction Company ക്വോട്ട് ചെയ്ത ₹3,68,45,041.30/- (+29.28 %) രൂപയ്ക്കുള്ള ടെണ്ടർ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചു.

4. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പൊതുനിർദ്ദേശങ്ങളടങ്ങിയ 06/02/2017 തീയതിയിലെ സ.ഉ.(പി)നം. 16/2017/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം "ടെണ്ടറിൽ ലഭിച്ച നിരക്ക്/ പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ.-നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ്, അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നാണ്.

5. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ റിമാർക്ക്സ് ആവശ്യപ്പെട്ടുകയും പ്രസ്തുത വകുപ്പ് ചുവടെ ചേർക്കുന്ന പ്രകാരം അഭിപ്രായപ്പെട്ടുകയും ചെയ്തു:

*AD is informed that in case AD has specific reasons/ justifications to consider the quoted amount of the contractor and that no better response is not expected even on recall after recasting of estimate, the case of acceptance of the tender of M/s. Sreedhanya Construction Company at the quoted rate of Rs. 3,68,45,041.30/- (+29.28 %) may be submitted to the Council of Ministers after making genuine efforts in bringing down the rates to LMR amount.*

*This has the approval of Hon. Minister (Finance).*

6. അതിനെത്തുടർന്ന് ക്വോട്ട് ചെയ്ത PAC കുറയ്ക്കുന്നതിനായി, 04/05/2019 തീയതിയിലെ സ.ഉ.(പി)നം. 54/2019/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബിഡ്ഡറുമായി ചർച്ച നടത്താനും പ്രൊപ്പോസൽ പുനഃസമർപ്പിക്കാനും നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി.

7. DSoR 2021 നിലവിൽ വന്നതിനെ തുടർന്ന്, 11/04/2025 തീയതിയിലെ സ.ഉ.(പി)നം. 47/2025/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ അംഗീകരിക്കുന്നതിനായി, DSoR 2021 അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചു. DSoR 2021 അനുസരിച്ചുള്ള EPAC ₹3,18,88,081.81/- ആണ്. അതിന്റെ താരതമ്യം താഴെ നൽകുന്നു:

| Bidder | Estimate PAC | EPAC as per DSoR 2021 | LMR PAC | DSoR 2021 + 10.00% | Quoted rate (%) | Quoted PAC |
|---|---|---|---|---|---|---|
| M/s. Sreedhanya Construction Company | 28499684 | 31888081.81 /- | 34219905.03 | 35076889.99 | 29.28% > EPAC | 368,45,041 |

8. DSoR 2021 അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് കണക്കാക്കിയ ശേഷവും, M/s. Sreedhanya Construction Company ക്വോട്ട് ചെയ്ത തുകയായ ₹3,68,45,041/- രൂപ അനുവദനീയമായ പരിധിയിലും കൂടുതലായതിനാൽ, 11/04/2025 തീയതിയിലെ സ.ഉ.(പി)നം. 47/2025/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത ടെണ്ടർ അംഗീകരിക്കാൻ സാധിക്കില്ല. ആയതിനാൽ, നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ M/s. Sreedhanya Construction Company ക്വോട്ട് ചെയ്ത/ ചർച്ച ചെയ്ത നിരക്കായ ₹3,68,45,041/- (മൂന്ന് കോടി അറുപത്തിയെട്ട് ലക്ഷത്തി നാൽപ്പത്തിയയ്യായിരത്തി നാൽപ്പത്തിയൊന്ന് രൂപ മാത്രം) എന്ന തുകയ്ക്കുള്ള ടെണ്ടർ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചു.

9. ക്വോട്ട് ചെയ്ത PAC കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട്, 04/05/2019 തീയതിയിലെ സ.ഉ.(പി)നം. 54/2019/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബിഡ്ഡറുമായി ചർച്ച നടത്താൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നതിനു മറുപടിയായി, പൊതുമരാമത്ത് നിരത്ത് ദക്ഷിണ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ ബിഡ്ഡറുമായി ഒരിക്കൽക്കൂടി ചർച്ച നടത്തിയെന്നും, 'നിലവിലെ വിപണിയിലെ നിർമ്മാണ വസ്തുക്കളുടെ വിലവർദ്ധനവ് കാരണം, അവർക്ക് ആദ്യം ക്വോട്ട് ചെയ്ത നിരക്കുകൾക്ക് താഴെയായി കുറയ്ക്കുന്നത് പ്രായോഗികമല്ല' എന്ന് ചൂണ്ടിക്കാട്ടി ബിഡ്ഡർ നിരക്കുകൾ കുറയ്ക്കാൻ തയ്യാറായില്ലെന്നും റിപ്പോർട്ട് ചെയ്തു.

10. ഇത് മൂന്നാമത്തെ ടെണ്ടർ ആയതിനാൽ, പ്രസ്തുത റോഡിന്റെ നിലവിലെ അവസ്ഥയും പ്രവൃത്തിയുടെ അടിയന്തര പ്രാധാന്യവും പരിഗണിച്ച്, നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ M/s. Sreedhanya Construction Company ക്വോട്ട്

ചെയ്ത/ ചർച്ച ചെയ്ത നിരക്കായ ₹3,68,45,041/- (മൂന്ന് കോടി അറുപത്തിയെട്ട് ലക്ഷത്തി നാൽപ്പത്തിയയ്യായിരത്തി നാൽപ്പത്തിയൊന്ന് രൂപ മാത്രം) എന്ന തുകയുള്ള ടെണ്ടർ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചു.

11. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള ഉത്തരവിനായി സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

പത്തനംതിട്ട ജില്ലയിലെ **"Budget work 2024-25 - Improvements to the connecting roads Old MC road to Enath Jn. and Link road ch:0/000-1/800 - General Civil Work"** എന്ന പ്രവൃത്തിയ്ക്ക് M/s Sreedhanya Construction Company ക്വോട്ട് ചെയ്ത തുകയായ ₹3,68,45,041/- (മൂന്ന് കോടി അറുപത്തിയെട്ട് ലക്ഷത്തി നാൽപ്പത്തിയയ്യായിരത്തി നാൽപ്പത്തിയൊന്ന് രൂപ മാത്രം) എസ്റ്റിമേറ്റ് തുകയെക്കാൾ 29.28% കൂടുതൽ ആയ സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് പൊതുമരാമത്ത് നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ 06/02/2017 തീയതിയിലെ സ.ഉ.(പി)നം. 16/2017/ധന നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക് /പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കാമോ?